"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ചങ്ങനാശ്ശേരി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയം സബ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള LAR 11/06 വിധിക്കടത്തുക അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.869/2026/PWD തീയതി,തിരുവനന്തപുരം, 05-08-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം.667/2026/PWD തീയതി 30/06/2026
2. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 21.07.2026 ലെ No.CEPWD/255/2023-FR7-PWD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചങ്ങനാശ്ശേരി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ LAR കേസുകൾക്ക് അനുവദിക്കേണ്ട തുകയായ 4,65,47,809/- രൂപ 5054-04-337-80-00-00-P-C എന്ന ശീർഷകത്തിൽ മേൽ പരാമർശം 1 പ്രകാരം അനുവദിച്ചിരുന്നതാണ്.

2. മേൽ വിഷയവുമായി ബന്ധപ്പെട്ട LAR 11/06 നമ്പർ കേസിന് വിധിക്കടത്തുക നൽകുന്നതിനായി 23,260/- രൂപ കൂടി ആവശ്യമാണെന്നും, പ്രസ്തുത തുക അനുവദിക്കുന്നതിലേക്കായി മുൻപ് അനുവദിച്ച 4,65,47,809/- രൂപയുടെ ഭരണാനുമതിയോടൊപ്പം ടി തുകയും കൂടി ഉൾപ്പെടുത്തി ആകെ 4,65,71,069/- രൂപയുടെ (നാല് കോടി അറുപത്തി അഞ്ച് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി അറുപത്തി ഒൻപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മേൽ പരാമർശം 2 പ്രകാരം നിരത്ത് വിഭാഗം ചീഫ് എൻഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറ അടിസ്ഥാനത്തിൽ ചങ്ങനാശ്ശേരി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട LAR 11/06 നമ്പർ കേസിന് വിധിത്തുക നൽകുന്നതിനു വേണ്ട 23,260/- രൂപയും കൂടി അനുവദിക്കുന്നതിലേക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 4,65,47,809/- രൂപയുടെ ഭരണാനുമതിയോടൊപ്പം ടി. തുകയും കൂടി ഉൾപ്പെടുത്തി ആകെ 4,65,71,069/- രൂപയുടെ ( നാല് കോടി അറുപത്തി അഞ്ച് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി അറുപത്തി ഒൻപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ അനുവദിച്ചുകൊണ്ട് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SATHEESH KUMAR C

ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

ചീഫ് എൻജിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്ത് വിഭാഗം), സൗത്ത് സർക്കിൾ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, കോട്ടയം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Savitha .O.D
Date: 05-08-2026
16:53:04

സെക്ഷൻ ഓഫീസർ